പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2364 — 01/04/13-ൽ മറുപടിയ്ക്ക്

# ലബോറട്ടറി ടെക്നീഷ്യന്മാരുടെ തസ്തിക വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നിലവിൽ സർക്കാർ ആശുപത്രികളിൽ എത്ര ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തികയാണുള്ളത്; അതിൽ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നു; | (എ) | 655 ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തിക നിലവിൽ ഉണ്ട്. 219 ഒഴിവുകളാണ് നിലവിലുള്ളത് |
| (ബി) | 3.33 കോടി ജനതയുടെ രോഗനിർണ്ണയം നടത്താൻ പ്രസ്തുത തസ്തികകൾ മതിയാകുമോ; ആയതിൽ കാലോചിത മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിലെ മുഴുവൻ ജനങ്ങളും രോഗചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ അല്ല സമീപിക്കുന്നത്. ഏകദേശം 40% ത്തോളം ആളുകളാണ് സർക്കാർ ആശുപത്രികളെ സമീപിക്കുന്നത്. ആയതിനാൽ മുഴുവൻ ജനങ്ങളുടെയും രോഗനിർണ്ണയം നടത്തുന്നത് സർക്കാർ ആശുപത്രികളിലെ ലബോറട്ടറി ടെക്നീഷ്യൻമാർ ആണെന്ന് പറയാൻ കഴിയില്ല. ആശുപത്രികളുടെ വികസനത്തിന്റെ അടിസ്ഥാനത്തിൽ ലബോറട്ടറി ടെക്നീഷ്യൻമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണ്ണയം നടത്തുവാൻ ലബോറട്ടറികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം ലാബ് സംവിധാനം നിലവിലുണ്ട്. ചില പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലാബ് സൗകര്യം ലഭ്യമാണ്. ലാബ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ പലതും ഒരേ രോഗനിർണ്ണയം നടത്താൻ രോഗികളിൽ നിന്ന് വ്യത്യസ്ത നിരക്കിലാണ് ഫീസ് ഈടാക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഈ ദുഷിച്ച പ്രവണത പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് വേണ്ടി ഒരു സമഗ്രമായ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിയമം ആകുമ്പോൾ ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന ദുഷിച്ച പ്രവണതകൾ പരിഹരിക്കുവാൻ കഴിയും |
| (ഇ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ പലതും രോഗനിർണ്ണയം നടത്തി റിപ്പോർട്ട് നൽകുന്നത് ശരിയായ വിധത്തിലല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ